അനുമതി കൊടുക്കാനുള്ള നീക്കം നടക്കുകയാണ് വളരെ ആശങ്കയോടെയാണ് കേരളത്തിലെ തീരദേശവാസികൾ ഇക്കാര്യം കാണുന്നത്. ഇത് അടിയന്തിരമായി നിർത്തലാക്കാൻ ഈ സഭ ഒന്നാകെ ആവശ്യപ്പെടണം. ഒരിക്കലും വിദേശ ട്രോളറുകൾക്ക് മത്സ്യം പിടിക്കാൻ അവകാശം കൊടുക്കരുത്. അറബിക്കടൽ നാളെ ഒരു ചാവുകടലായി മാറാതിരിക്കണമെന്നുണ്ടെങ്കിൽ ഈ സഭ ഒറ്റക്കെട്ടായി കേന്ദ്രഗവൺമെന്റിന്റെ ഈ നീക്കത്തെ തടയണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, കേന്ദ്രഗവൺമെന്റിന്റെ പുതിയ കയറ്റുമതി-ഇറക്കുമതി നയത്തിന്റെ ഭാഗമായി 11 സ്വകാര്യ സ്ഥാപനങ്ങൾക്ക് 32 ആഴക്കടൽ മീൻപിടുത്ത കപ്പലുകൾ ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര കോമേഴ്സ് മിനിസ്ട്രിയും കൃഷി വകുപ്പും സംയുക്തമായി അംഗീകാരം കൊടുത്ത വിവരം കേന്ദ്രഗവൺമെന്റിന്റെ തന്നെ ഏജൻസിയായ കൊച്ചിയിലെ എം:പി.ഇ.ഡി.എ-യെ അറിയിച്ചിട്ടുണ്ട്, എന്നാൽ സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടില്ല. പക്ഷേ ഈ വിവരം അറിഞ്ഞയുടൻ തന്നെ കൽക്കട്ടയിൽ നടന്ന കേന്ദ്ര കൃഷി വകുപ്പുമന്ത്രിയുടേയും വിവിധ സംസ്ഥാനങ്ങളുടെ ഫിഷറീസ് വകുപ്പുമന്ത്രിമാരുടേയും സമ്മേളനത്തിൽ കപ്പലുകൾക്ക് നൽകിയിട്ടുള്ള ലൈസൻസ് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് വളരെ ശക്തമായി ഈ ലൈസൻസ് റദ്ദാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള നമ്മുടെ എം.പി.മാരും നമ്മുടെ കോസ്റ്റൽ ബെൽറ്റിലെ ശ്രീ. കെ. സി. വേണുഗോപാലും ശ്രീ. ടി. എൻ. പ്രതാപനും ഉൾപ്പെടെയുള്ള എം.എൽ.എ. മാരും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. എന്റെ ഒരു അഭ്യർത്ഥന ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ഇത് കേരളത്തിന്റെ സാമ്പത്തിക മേഖലയെ തകർക്കുകയും കേരളത്തിന്റെ തീരപ്രദേശത്തെ പ്രശ്നങ്ങൾ വഷളാക്കുകയും ചെയ്യുന്ന ഒരു കാര്യമായതുകൊണ്ട് ഈ ഹൗസിന്റെ തന്നെ ഒരു അഭിപ്രായമായി ഒരു പ്രമേയമാക്കി, അങ്ങ് മുൻകയ്യെടുത്ത് ഈ ആവശ്യം കേന്ദ്രഗവൺമെന്റിനെ അറിയിക്കുന്നതിന് ഒരു സംവിധാനമുണ്ടാക്കണമെന്നാണ്.

IV റിപ്പോർട്ട് സമർപ്പണം

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എഴുപതാമത് റിപ്പോർട്ട്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ എഴുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഏഴു മുതൽ ഒൻപതു വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ ഏഴ് മുതൽ ഒമ്പത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly